# കെ.സി.എൽ.പി.സ്കൂൾ

## ചിത്രപ്പുഴ

## അക്കാദമിക് മാസ്റ്റർ പ്ലാൻ

# ആമുഖം

കൊച്ചി രാജാക്കന്മാരുടെ കനകക്കുന്ന് കൊട്ടാരത്തിന്റെ പാർശ്വത്തിലായി സ്ഥിതി ചെയ്യുന്ന ചിത്രപ്പുഴ എന്ന ഗ്രാമപ്രദേശത്ത് ~~സ്ഥിതിചെയ്യുന്ന~~ അക്ഷര ക്ഷേത്രമാണ് കെ.സി.എൽ.പി സ്കൂൾ. കരിങ്ങാച്ചിറ സെന്റ് ജോർജ് യാക്കോബായ സുറിയാനി കത്തീഡ്രൽ ഉടമസ്ഥത വഹിക്കുന്ന ഒരു വിദ്യാലയമാണ് ഇത്.

പഴയ കൊച്ചി രാജ്യ ചരിത്രത്തിന്റെ അലംഘ്യമായ ചരിത്ര പേജുകളിൽ കരിങ്ങാച്ചിറ പള്ളിയുടെ ചരിത്രം സുവർണ്ണ ലിപികളിൽ കുറിക്കുമ്പോൾ നൂറ്റാണ്ടുകൾക്ക് മുൻപ് സാമാന്യ ജനത്തിന്റെ വിദ്യാഭ്യാസത്തിൽ ക്രിസ്ത്യൻ മിഷണറി പ്രവർത്തനത്തിന്റെ ഇടപെടലിനു സാക്ഷ്യമാകുന്നു.

ഐതിഹ്യപ്രകാരം പാണ്ഡവ വനവാസക്കാലത്ത് രഹസ്യ ജീവിതത്തിനായി അവർ തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ ചിത്രപ്പുഴയും ഉൾപ്പെടുന്നുവെന്ന് പറയപ്പെടുന്നു. ഭീമ പത്നിയായ ഹിഡുംബിയുടെ സഹോദരൻ ഹിഡുംബന്റെ വനപ്രദേശമായ ഹിഡുംബ വനമാണ് ഇന്നത്തെ ഇരുമ്പനമെന്നും അതിനോട് ചേർന്ന് കുന്തീദേവി കുളിച്ചിരുന്ന ചാത്തിരിപ്പുഴയാണെന്നും ആ ചാത്തിരിപ്പുഴ പിന്നീട് പദവ്യത്യാസം വന്ന് ചിത്രപ്പുഴയായെന്നും. പുഴ ഒഴുകുന്ന പ്രദേശം പുഴയുടെ പേരിൽ അറിയപ്പെടുന്നുവെന്നും ഐതിഹ്യം.

ശിവാലയങ്ങളുടെ ഒരു പ്രത്യേകത അവകാശപ്പെടാവുന്ന പഴയ തിരുവാങ്കുളം പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന പ്രദേശമാണ് ചിത്രപ്പുഴ. കപാല സ്ഥിതി ചെയ്യുന്ന കപാലീശ്വരം (കവലേശ്വരം) മുതൽ തൃക്കാൽ പതിക്കുന്ന തൃക്കത്ര വരെയാണ് ഈ ശൈവസാന്നിദ്ധ്യം കാണുന്നത്.

സഹസ്രാബ്ദ പഴമയുടെ കരിങ്ങാച്ചിറ പള്ളിയും എണ്ണമറ്റ ക്ഷേത്ര സാന്നിദ്ധ്യവും കനകക്കുന്ന് കൊട്ടാരവും പോലീസ് ക്യാമ്പും ഒക്കെ ചേർന്ന് വർണ്ണാഭമായ ചരിത്രം മിഴിതുറക്കുന്ന ഒരു പ്രത്യേക പ്രദേശത്തിന്റെ ഭാഗമാണ് ചിത്രപ്പുഴ.

## II. ലക്ഷ്യങ്ങൾ

1. സൗജന്യവും പക്ഷ രഹിതവും വിശാലവും ജനാധിപത്യപരവുമായ വിദ്യാഭ്യാസത്തിന്റെ ലഭ്യത ഉറപ്പാക്കൽ
2. അക്കാദമിക മികവ് എന്ന ലക്ഷ്യത്തിൽ ദീർഘകാല ലക്ഷ്യത്തോടെ പശ്ചാത്തല വികസനം സാധ്യമാക്കൽ
3. പഠിതാവ് നടത്തേണ്ടിയിരിക്കുന്ന അനിവാര്യ വികസന മാതൃകകൾ ബോദ്ധ്യപ്പെടുത്തുകയും പ്രീ പ്രൈമറി തലം മുതൽ നാലാം ക്ലാസുവരെയുള്ള പാഠഭാഗങ്ങളുടെ വിനിമയത്തിന് ഉതകുന്ന ഇടപെടൽ സാഹചര്യങ്ങൾ ഒരുക്കൽ
4. രസകരവും സർഗാത്മകവും ഫലസിദ്ധിയുള്ളതുമായ അദ്ധ്യാപന അദ്ധ്യയന സാഹചര്യങ്ങൾ ഒരുക്കുക.
5. സമഗ്ര വിദ്യാലയ വികസനത്തിന്റെ സാധ്യതകൾ കണ്ടെത്തുകയും ഫലപ്രാപ്തിയിലെത്തിക്കുകയും ചെയ്യുക.

## III. വിദ്യാലയത്തിന്റെ ചരിത്രം

1928–ൽ കരിങ്ങാച്ചിറപ്പള്ളി മുറ്റത്ത് സ്ഥാപിതമായ എം.ഡി.എം. ഗേൾസ് സ്കൂൾ പിന്നീട് യു.എം.ജി.എൽ.പി.എസ് എന്നു നാമകരണം ചെയ്യപ്പെട്ടു. 1980–ൽ ചിത്രപ്പുഴയിലേക്ക് മാറ്റി സ്ഥാപിക്കപ്പെട്ട യു.എം.ജി.എൽ.പി.സ്കൂൾ 1982 മുതൽ കെ.സി. എൽ.പി സ്കൂൾ എന്ന് എറിയപ്പെട്ടുവരുന്നു. പൂർണ്ണമായും കരിങ്ങാച്ചിറ സെന്റ് ജോർജ് കത്തീഡ്രൽ ഉടമസ്ഥതയിലാണ് ഈ വിദ്യാലയം.

## IV. വിദ്യാലയം മികവിന്റെ കേന്ദ്രം– കാഴ്ചപ്പാട്

1. സാ വിദ്യായാ വിമുക്തായാ. എന്ന ഭാരതീയ ഋഷി പ്രോക്ത കാഴ്ചപ്പാടിനെ സാധുകരിക്കുകയും സാക്ഷാത്കരിക്കുകയും ചെയ്യുന്ന ഇടമായി വിദ്യാലയത്തെ നിലനിർത്തുക.

2. പാഠ്യ– പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ സജീവത നിലനിർത്തുകയും വിദ്യാർത്ഥി സമൂഹത്തിന്റെ സക്രിയ ഇടപെടലുകൾ സ്ഥിരപ്പെടുത്തുകയും ചെയ്യുക.
3. വ്യക്തിപരമായ വർത്തന വ്യതിയാനങ്ങൾക്ക് സത്താപരമായ ദിശാബോധം നിർണ്ണയിക്കുന്നതിനുള്ള സാഹചര്യം ഒരുക്കൽ (വ്യക്തി സ്ുചിത്വം പരിസര ശുചിത്വം സഹജീവിസ്നേഹം പരിസ്ഥിതി ബോധം മുതലായവ)
4. അവസര സമത്വം എന്ന ആശയത്തെ മുല്യവത്താക്കി നിലനിർത്തുക (പക്ഷ പാത രഹിത ഇടപെടൽ സാധ്യതകൾ ഉറപ്പിക്കുക)
5. ആ ഗോള നിലവാരത്തിൽ വിദ്യാഭ്യാസത്തെ കാലാനുബന്ധമായി നിർവ്വചിക്കുകയും സ്വീകാര്യത ഉറപ്പാക്കുകയും പ്രായാനുബന്ധമായി മികവിനെ ലോകനിലവാരത്തിൽ ക്രമീകരിക്കുകയും ഉന്നത നിലവാരം ഉറപ്പാക്കുകയും ചെയ്യുക.
6. ഭൂമിയുടെ അവകാശത്തെ സംബന്ധിച്ചുള്ള ഹ്രസ്വകാല കൈവശാവകാശികൾ എന്ന ആശയം ബോദ്ധ്യപ്പെടുത്തുകയും തനതു നിലവാരം നിലനിർത്തി കൈമാറേണ്ട ഒന്ന് എന്ന ബോദ്ധ്യം ഉറപ്പിക്കുകയും ചെയ്യുക.

V. പദ്ധതി രൂപീകരണ പ്രക്രിയ വിവിധഘട്ടങ്ങൾ

1. എസ്.ആർ.ജി യോഗം – വികസന പരിപ്രേഷ്യം
അവതരണം ചർച്ച

2. വികസനാവശ്യങ്ങൾ – ക്ലാസ്തല കരട്
രൂപരേഖ തയ്യാറാക്കൽ

3. കരട് രൂപരേഖ എസ്.ആർ.ജി, പി.റ്റി.എ, എം.പി.റ്റി.എ, ഒ.എസ്.എ പൊതുജന സമൂഹം എന്നിവ അടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

4. ശില്പശാലയുടെ നിർദ്ദേശങ്ങളെ സ്വാംശീകരിക്കൽ

5. പി.ടി.എ നേതൃത്വത്തിൽ ക്രോഡീകരിച്ച പദ്ധതി രൂപരേഖ തയ്യാറാക്കൽ.

VI. നിലവിലെ അവസ്ഥ : വിശകലനം
ഭൗതീകം : നേട്ടങ്ങൾ

ഇരുനില കെട്ടിടത്തിൽ സ്കൂൾ നിലനിൽക്കുന്നു. ആവശ്യത്തിന് ജല ലഭ്യതയുണ്ട്. 3 കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമായിട്ടുണ്ട്. ഭോജനശാലയായി ഉപയോഗിക്കാൻ തക്കവിധം പഴയ സ്കൂൾ കെട്ടിടം നിലനിർത്തിയിട്ടുണ്ട്. മെച്ചപ്പെട്ട അടുക്കളയുണ്ട്.

പരിമിതികൾ : ശൗചാലയങ്ങൾ ആധുനികീകരിക്കണം. ചുറ്റുമതിൽ പൂർണ്ണമാക്കണം. ഭോജനശാല മെച്ചപ്പെടുത്തണം. പൂന്തോട്ടം നിർമ്മിക്കണം. ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കണം. കളിസ്ഥലം ഉപയുക്തമാക്കണം.

അക്കാദമികം നേട്ടങ്ങൾ

തുടർച്ചയായി സമീപ വിദ്യാലയങ്ങളിൽ മുഴുവൻ വിഷയങ്ങളിലും A+ നേടുന്ന വിദ്യാർത്ഥികളിൽ ഇവിടുത്തെ പൂർവ്വ വിദ്യാർത്ഥികൾ ഉണ്ടാവാറുണ്ട്. വിവിധ തലങ്ങളിലെ മത്സര പരീക്ഷകളിൽ ഇവിടുത്തെ വിദ്യാർത്ഥികൾ വിജയികളാവാറുണ്ട്. സർഗാത്മക രചനയിൽ ഈ വിദ്യാലയം മുൻനിരയിൽ നിൽക്കുന്നു.

പരിമിതികൾ

കുട്ടികളുടെ എണ്ണത്തിൽ കുറവു വരുന്നതിനനുസരിച്ച് മികവാർന്ന കുട്ടികൾ കുറയുന്നു. വിദ്യാഭ്യാസത്തെ മത്സര ബുദ്ധിയോടെ നേരിടാൻ തയ്യാറാവുന്ന രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും കുറവ് അക്കാദമിക മികവിനെ ഗണ്യമായി പിന്നോക്കം വലിക്കുന്നു.

## ഉപസംഹാരം

ബഹുസ്വര സമൂഹത്തിന്റെ അനിവാര്യ ആവശ്യങ്ങളെ തിരിച്ചറിയുന്നതാകണം വിദ്യാഭ്യാസം എന്ന കാഴ്ചപ്പാട് വികസനോന്മുഖ വിദ്യാഭ്യാസത്തിന്റെ മുഖമുദ്രയായയാണ്. ഏകതാനമായ സമൂഹത്തിനുവേണ്ടി നിലകൊള്ളുന്ന ഉപരിവർഗ കാഴ്ചയുടെ വിസ്മയമല്ല പ്രത്യുത പ്രവർത്ത്യധിഷ്ഠിതവും ഉല്പാദനപരവും ആയ വിദ്യാഭ്യാസമാണ് ഭാവി തലമുറയ്ക്കാവശ്യം എന്ന ബോധത്തിൽ ഊന്നി ഒരു പുതിയ പരിപ്രേഷ്യത്തിനു തുടക്കം കുറിക്കുകയാണ് ഈ പദ്ധതി രേഖയുടെ ഉദ്ദേശ്യം. ആയതിന് ഏവരുടേയും പിന്തുണ കാംക്ഷിച്ചുകൊണ്ട് ഈ രേഖ സമർപ്പിക്കുന്നു.

# പ്രവർത്തന കലണ്ടർ

| മാസം | പ്രവർത്തനം | യൂണിറ്റുകൾ | പ്രതീക്ഷിത സാധ്യായ ദിനങ്ങൾ |
|---|---|---|---|
| ജൂൺ | ക്ലാസ് പി.ടി.എ. (തീയതി എഴുതിച്ചേർക്കുക)<br>ക്ലാസ്തല വാട്സാപ്പ് ഗ്രൂപ്പ് രൂപീകരണം<br>അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനം<br>മാസ്റ്റർ പ്ലാൻ നിർവഹണോദ്ഘാടനം<br>റീഡേഴ്സ് തിയേറ്റർ - ആരംഭം<br>കാവ്യോത്സവം | അമൃതം - വെണ്ണക്കണ്ണൻ<br>സ്നേഹം താൻ ശക്തി | 20 |
| ജൂലൈ | ക്ലാസ് പി.ടി.എ.<br>രചനോത്സവം<br>സർഗ്ഗാത്മക ഡയറി -ആരംഭം<br>കാവ്യോത്സവം - ആരംഭം | അമൃതം - കുടയില്ലാത്തവർ<br>ഹരിതം- എന്റെ പനിനീർച്ചെടി | 22 |
| ആഗസ്റ്റ് | ക്ലാസ് പി.ടി.എ.<br>റീഡേഴ്സ് തിയറ്റർ<br>കാവ്യോത്സവം<br>സർഗ്ഗാത്മക ഡയറി | ഹരിതം - ഞാവൽക്കാട്<br>മഹിതം - പത്തായം | 22 |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## കെ സി എൽ പി എസ് ചിത്രപ്പുഴ

**ക്ലാസ്: മൂന്ന്** **വിഷയം: ഗണിതം**

**ലക്ഷ്യം: 1**

**- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1 മുതൽ 1000 വരെയുള്ള സംഖ്യകൾ എഴുതാനുള്ള ശേഷികൾ ഉറപ്പിക്കുക.**

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ | നറുക്കെടുക്കാം<br>• സഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു.<br>• കിട്ടിയ സംഖ്യ വായിക്കാം.<br>• മറ്റുള്ളവർ സംഖ്യ എഴുതുന്നു. |
| 2 | ജൂൺ | 10 ചങ്ങാതിമാർ<br>• സംഖ്യ നറുക്ക് എടുക്കുന്നു.<br>• കിട്ടിയ നറുക്കിലെ സംഖ്യ വായിച്ച ശേഷം തുടർന്ന് വരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം. |
| 3 | ജൂൺ - സെപ്റ്റംബർ | പാറ്റേൺ പൂർത്തിയാക്കാം<br>• വിവിധ സംഖ്യ പാറ്റേൺ പൂർത്തിയാക്കൽ. |
| 4 | ജൂൺ - ഓഗസ്റ്റ് | ക്രമത്തിലാക്കാം<br>• വ്യത്യസ്ത സംഖ്യകൾ നൽകുന്നു.<br>• ആരോഹണ ക്രമം, അവരോഹണ ക്രമം എഴുതുക. |

**ലക്ഷ്യം: 2**

**- മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക / നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.**

| Sl. No. | മാസം | പ്രവർത്തനം |
|---|---|---|
| 1 | ജൂൺ | കൂട്ടങ്ങളാക്കാം<br>• ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം.<br>• കളി നോട്ട് / ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം. |

| Sl. No. | മാസം | പ്രവർത്തനം |
| --- | --- | --- |
| 2 | 2 ആഴ്ച്ച | സംഖ്യാ സൂര്യൻ<br>• ഓരോ കുട്ടിക്കും ഒരു മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം.<br>• ഗ്രൂപ്പായി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതുന്നു. |
| 3 | ജൂൺ - സെപ്റ്റംബർ | ക്രമീകരിക്കാം<br>• സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം.<br>• അരവിന്ദ് ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം. |

## ലക്ഷ്യം: 3
## - മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.

| Sl. No. | മാസം | പ്രവർത്തനം |
| --- | --- | --- |
| 2 | ജൂലൈ - ഫെബ്രുവരി | ഭാഗ്യവാനെ കണ്ടെത്താം<br>• അദ്ധ്യാപകൻ ബോർഡിൽ ഒരു സംഖ്യ എഴുതുന്നു.<br>• വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• ക്രിയ ചെയ്യാം<br>• ആരുടെ ഉത്തരം ആണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം. |
| 3 | ഓഗസ്റ്റ് - ഫെബ്രുവരി | ജോഡികണ്ടെത്താം<br>• വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>• കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു.<br>• കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി ആ കളത്തിൽ ഒട്ടിക്കാം. |
| 1 | ജൂലൈ - മാർച്ച് | സംഖ്യാ ചക്രം<br>• സംഖ്യ ചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>• അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം |

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| **പ്രകൃതി നടത്തം** | | | | |
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | ആവശ്യാനുസരണം | HM<br>CPTA | PTA |
| **ശാസ്ത്രമൂല** | | | | |
| ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA<br>SSA |
| **ശാസ്ത്രയാത്ര** | | | | |
| ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ- അന്വേഷണ ത്വര വളർത്തൽ | വാന നിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>ക്ലാസ് ടീച്ചർ | PTA<br>രക്ഷിതാക്കൾ |
| **ഭൂപടമൊരുക്കാം** | | | | |
| കേരളം - ഇന്ത്യ- ഭൂപടവായന - സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാനിർമ്മാണം<br>കളറു ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്ര വിസ്മയ ചുമർ** | | | | |
| ശാസ്ത്രപഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രോത്സവം** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | ടസശഭ,<br>പതിപ്പ്, ചാർട്ട്,<br>ആൽബം, പഠനോപകരണം, പരീക്ഷണം- ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |
| **ശാസ്ത്രമാസിക** | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>ക്ലാസ് ടീച്ചർ | PTA |